**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 566** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തിയ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എം. വിൻസെന്റ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, റിലയൻസ് കൊമേർഷ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ധനസമാഹരണത്തിന്റെ ഭാഗമായി കെ.എഫ്.സി സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ നൽകുന്ന NBFC ആയ Reliance Commercial Finance Ltd (RCFL) ന്റെ കടപത്രത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ നിക്ഷേപിക്കുന്നതിന് മുൻപ് നടത്തിയ വിവിധ പരിശോധനകളെ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ; | (ബി) | താഴെ പറയുന്ന കാര്യങ്ങൾ പരിശോധിച്ചാണ് പ്രസ്തുത സ്ഥാപനത്തിന്റെ കടപത്രത്തിൽ നിക്ഷേപം നടത്തിയത്.<br><br>*RBI(Reserve Bank of India) നിയന്ത്രണത്തിലുള്ള ഒരു NBFC(Non Banking Financial Company) ആയിട്ടാണ് RCFL(Reliance Commercial Finance Ltd) പ്രവർത്തിച്ചിരുന്നത്. RCFL കടപത്രങ്ങൾ ഇറക്കിയത് SEBI(Securtities & Exchange Board of India) നിഷ്കർഷിച്ച നിയമങ്ങൾ പാലിച്ചുകൊണ്ടായിരുന്നു.<br><br>*ഈ കടപ്പത്രങ്ങൾ സെബിയുടെ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് Bombay Stock Exchange (BSE) ൽ ലിസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു.<br><br>*RCFL-ലെ നിക്ഷേപം പരിഗണിക്കുമ്പോൾ, രണ്ട് സെബി/ആർബിഐ ഏജൻസികളിൽ നിന്ന് ലഭിച്ച AA+ന്റെ ക്രെഡിറ്റ് റേറ്റിംഗും ഉണ്ടായിരുന്നു. AA+ റേറ്റിംഗ് ഉയർന്ന ക്രെഡിറ്റ് നിലവാരത്തെ സൂചിപ്പിക്കുന്നു. ഇത് ഡിഫോൾട്ടിന്റെ കുറഞ്ഞ അപകടസാധ്യതയെ സൂചിപ്പിക്കുന്നു. AAA എന്ന ഏറ്റവും ഉയർന്ന റേറ്റിംഗിൽ നിന്ന് ഒരു നോച്ച് താഴെയാണ് ഇത്. |

| | | | |
|---|---|---|---|
| | | | *റിലയൻസ് ക്യാപിറ്റലിന്റെ ശക്തമായ രക്ഷാകർതൃത്വം (parentage), റിലയൻസ് ക്യാപിറ്റലിന്റെ മൊത്തത്തിലുള്ള സാമ്പത്തിക ബിസിനസ്സിന് വാണിജ്യ ധനകാര്യ ബിസിനസ്സിന്റെ തന്ത്രപരമായ പ്രാധാന്യം, പരിചയസമ്പന്നരായ പ്രൊഫഷണൽ മാനേജ്മെന്റ്, ദീർഘവും ശക്തവുമായ ട്രാക്ക് റെക്കോർഡ്, വൈവിദ്ധ്യമുള്ള ലോൺ പോർട്ട്ഫോളിയോ, മതിയായ ലിക്വിഡിറ്റി പ്രൊഫൈൽ, മികച്ച ലാഭക്ഷമത, മതിയായ മൂലധനവൽക്കരണം, ശക്തമായ പ്രവർത്തന പ്രക്രിയകൾ തുടങ്ങിയവയായിരുന്നു നിക്ഷേപം നടത്തുമ്പോൾ ശ്രദ്ധിച്ച പ്രധാന ഘടകങ്ങൾ.<br><br>*കൂടാതെ RCFL ന്റെ കടപത്രത്തിന്റെ ഉയർന്ന പലിശനിരക്കായ 9.10% ഉം നിക്ഷേപം നടത്തുവാനായി പരിഗണിച്ചു. |
| (സി) | 2018 ജനുവരി 18-ന് കെയർ എന്ന റേറ്റിംഗ് ഏജൻസി പുറത്തിറക്കിയ റിപ്പോർട്ടിൽ ആർ.സി.എഫ്.എൽ. നെ കുറിച്ച് ക്രെഡിറ്റ് വാച്ച് എന്ന് മുന്നറിയിപ്പ് നൽകിയിട്ടും പ്രസ്തുത സ്ഥാപനത്തിൽ നിക്ഷേപം നടത്തിയതിന്റെ കാരണം വിശദമാക്കാമോ? | (സി) | *ക്രെഡിറ്റ് വാച്ച് with developing implications എന്ന് അർത്ഥമാക്കുന്നത് ഒരു സ്ഥാപനത്തിന്റെ റേറ്റിംഗ് നിരീക്ഷണത്തിലാണെന്നും ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി സ്ഥാപനത്തിന്റെ ക്രെഡിറ്റ് സ്ഥിതി സൂക്ഷ്മമായി നിരീക്ഷിക്കുന്നുവെന്നുമാണ്.<br><br>*RCFL നോ അതിന്റെ മാതൃ കമ്പനിയായ റിലയൻസ് ക്യാപിറ്റലിനോ എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായത് കൊണ്ടല്ല, മറിച്ച് മാതൃ കമ്പനിയായ റിലയൻസ് ക്യാപിറ്റലിന് അതിന്റെ മറ്റൊരു സബ്സിഡിയറി കമ്പനിയായ റിലയൻസ് കമ്മ്യൂണിക്കേഷന് ഉള്ള എക്സ്പോഷർ കണക്കിലെടുത്തിട്ടാണ് റിലയൻസ് ക്യാപിറ്റലിനെയും അതുകൊണ്ട് RCFL നെയും ക്രെഡിറ്റ് വാച്ചിൽ റേറ്റിംഗ് ഏജൻസികൾ ഉൾപ്പെടുത്തിയത്.<br><br>*അപ്പോഴും, റിലയൻസ് ക്യാപിറ്റലിനെ ഒരു റേറ്റിംഗ് ഏജൻസി AAA ഉം മറ്റൊരു റേറ്റിംഗ് ഏജൻസി AA+ ഉം ആയി റേറ്റ് ചെയ്തിരുന്നു.<br><br>*റിലയൻസ് ഗ്രൂപ്പിന്റെ മൊത്തത്തിലുള്ള parentage, RCFL-ന്റെ ക്യാപിറ്റലൈസേഷൻ, ലാഭക്ഷമത, ലോൺ പോർട്ട്ഫോളിയോ, കുറഞ്ഞ എൻപിഎ ലെവൽ തുടങ്ങിയ സാമ്പത്തിക ഘടകങ്ങളും RCFL ന്റെ കടപത്രത്തിന്റെ ഉയർന്ന പലിശ നിരക്കായ 9.10% ഉം നിക്ഷേപം നടത്തുവാനായി പരിഗണിച്ചു.<br><br>*IL&FS, DHFL, ഇവ രണ്ടും സ്റ്റേബിൾ ഔട്ട് ലുക്കോടെ (ക്രെഡിറ്റ് വാച്ച് ഇല്ലാതെ) AAA ആയി റേറ്റ് ചെയ്ത NBFC കളാണ്. എന്നാൽ 2018 ലെ |

| | | | |
|---|---|---|---|
| | | | NBFC പ്രതിസന്ധി ബാധിച്ച ആദ്യത്തെ കമ്പനികൾ ഇവ രണ്ടുമായിരുന്നു.<br><br>1. ILFS(**Infrastructure Leasing & Financial Services Limited)** 2018 ജൂണിൽ ഡിഫോൾട്ട് ആയി.<br><br>2. DHFL( **Dewan Housing Finance Limited)** 2018 സെപ്റ്റംബറിൽ ഡിഫോൾട്ടായി.<br><br>3. 2019 ഏപ്രിലിൽ മാത്രമാണ് RCFL ഡിഫോൾട്ടായത്.<br><br>*അതിനാൽ, ക്രെഡിറ്റ് റേറ്റിംഗിൽ Credit Watch with developing implications എന്നുള്ള വീക്ഷണം ഒരു തരത്തിലും ഈ കമ്പനികളുടെ തുടർന്നുള്ള ഡിഫോൾട്ടിന്റെ പ്രവചനമല്ലെന്ന് ഈ വസ്തുതകളിൽ നിന്ന് വളരെ വ്യക്തമാണ്. ദേശസാൽകൃത ബാങ്കുകൾ, മറ്റ് ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, എൻബിഎഫ്സികൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് RCFL ഡിഫോൾട്ടായ സമയത്ത് ഏകദേശം 10000 കോടി രൂപയുടെ എക്സ്പോഷർ ഉണ്ടായിരുന്നു എന്നതുതന്നെ ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. |

സെക്ഷൻ ഓഫീസർ